പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3660

15/03/2018 - ൽ മറുപടിക്ക്

## സഹകരണ വകുപ്പിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | സഹകരണ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | സഹകരണ വകുപ്പിൽ ഡെപ്യൂട്ടി രജിസ്ട്രാർ/ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 2 ഒഴിവുകളും അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 7 ഒഴിവുകളും ജൂനിയർ ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിൽ 59 ഒഴിവുകളും, എൽ.ഡി ക്ലാർക്ക് തസ്തികയിൽ 13 ഒഴിവുകളും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ 6 ഒഴിവുകളും, ഡ്രൈവർ തസ്തികയിൽ 2 ഒഴിവുകളും, ആഫീസ് അറ്റൻഡന്റ് തസ്തികയിൽ 3 ഒഴിവുകളും നിലവിലുണ്ട്. |
| ബി) | ഇതിൽ എത്ര ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും ഇനിയെത്ര ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ ; | ബി) | ഇതിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്ന എൽ.ഡി ക്ലാർക്ക് തസ്തികയിലെ 5 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്. ബാക്കി എല്ലാ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലുള്ള ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരവും സർക്കാർ നിർദ്ദേശ പ്രകാരവും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.മാത്രമല്ല 2018 വരെയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | പി എസ് സി മുഖേന അല്ലാതെ സഹകരണ വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | സി) | സഹകരണ വകുപ്പിൽ പി.എസ്.സി മുഖേന അല്ലാതെ എൽ.ഡി ക്ലാർക്ക്, ആഫീസ് അറ്റൻഡന്റ് തസ്തികകളിൽ ആശ്രിത നിയമനവും, എൽ.ഡി ക്ലാർക്ക് തസ്തികയിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനവും, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്തുന്നുണ്ട്. |
| ഡി) | ഈ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | എൽ.ഡി ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി 5 ഒഴിവുകൾ നീക്കി വച്ചിട്ടുണ്ട്. ബാക്കി തസ്തികകളിലൊന്നും തന്നെ നിലവിൽ ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ